# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2140

26.03.2013- ലെ മറുപടിക്ക്

### പാലക്കാട് ജില്ലയിലെ നെൽകർഷകർക്കായി പ്രത്യേക പാക്കേജ്

**ചോദ്യം**

ശ്രീ. എം.ഹംസ :

എ) സംസ്ഥാനത്തെ കാർഷികമേഖലയെ സംരക്ഷിക്കുന്നതിനും കർഷകനെ സഹായിക്കുന്നതിനുമായി സഹകരണ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരി ച്ചിട്ടുണ്ട്; വിശദീകരിക്കാമോ;

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) 1. ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട കർഷകർ സഹകരണ ബാങ്കുകൾവഴി എടുത്തിട്ടുള്ള നബാർഡ് കാർഷിക വായ്പയുടെ പലിശ ഇനത്തിൽ 15.03.2013-ൽ കൊടുത്തു തീർക്കുവാൻ അവശേഷിക്കുന്ന കുടിശ്ശിക തുക മുഴുവൻ സർക്കാർ എഴുതി തള്ളുമെന്ന് 2013-14 ലെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വായ്പയുടെ മുതൽ തുക അടയ്ക്കുന്നവർക്ക് വൺടൈം സെറ്റിൽമെന്റ് എന്ന നിലയിലായിരിക്കും ഈ പലിശ സൗജന്യം നൽകുക.

2. കൂടാതെ സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന നബാർഡ് റീഫൈനാൻസ് ചെയ്യുന്ന കാർഷിക വായ്പയ്ക്ക് കൊടുക്കേണ്ട പലിശ ഇനി മുതൽ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട കർഷകർക്ക് പലിശ രഹിത വായ്പ സംസ്ഥാന സർക്കാർ ഉറപ്പാക്കുന്നതാണെന്നും ബഡ്ജറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്.

3. ഇതിനു പുറമേ 25,000/- രൂപ വരെ കാർഷിക വായ്പ എടുക്കുന്നവർ യഥാസമയം തിരിച്ചടയ്ക്കുന്ന പക്ഷം മുതൽ തുകയുടെ 5 ശതമാനം കാർഷിക ഉൽപാദന ആശ്വാസമായി (Agricultural Production Cost Relief) നൽകുന്ന പദ്ധതിയും നിലവിൽ ഉണ്ട്.

4. സഹകരണ ബാങ്കുകൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കാർഷിക വായ്പകളിന്മേൽ ഉള്ള റവന്യു റിക്കവറി നടപടികൾക്ക് ഒരു വർഷ ത്തേക്ക് മോറട്ടോറിയം അനുവദിച്ച്

സർക്കാർ ഉത്തരവായിട്ടുണ്ട്.

ബി) പാലക്കാട് ജില്ലയിലെ നെൽകർഷകർക്കായി എന്തെല്ലാം പ്രത്യേക പാക്കേജുകളാണ് സഹകരണവകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്; വിശദീകരിക്കാമോ;

സി) കാർഷിക കടാശ്വാസ പദ്ധതി പ്രകാരം എത്ര കർഷകർക്ക് എത്ര രൂപയുടെ ആനുകൂല്യം നൽകി; വിശദമാക്കാമോ;

(ബി) യും (സി) യും നെൽകർഷകർക്ക് പലിശ രഹിത വായ്പ നൽകുന്നതിനുള്ള പദ്ധതി 2010-11 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ല ഉൾപ്പെടെ കേരളത്തിലെ എല്ലാ ജില്ലകളിലെയും വായ്പക്കാർ വായ്പകാലാവധിക്കുള്ളിൽ നെൽകൃഷി വായ്പ തിരിച്ചടയ്ക്കുകയാണെങ്കിൽ നെൽകൃഷി വായ്പ പലിശ രഹിതമായാണ് നൽകുന്നത്. ഇപ്രകാരം പലിശ സബ്സിഡി നൽകുന്നതിനുള്ള തുക സർക്കാർ സഹകരണ ബാങ്കുകൾക്ക് നൽകുന്നു. ഈ പദ്ധതിയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കേന്ദ്ര കാർഷിക കടം എഴുതി തള്ളലും കടാശ്വാസവും 2008 പദ്ധതിയിൻകീഴിൽ 6,61,954 കർഷകർക്കായി 1109.47 കോടി രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ 47,202 കർഷകർക്ക് ടി പദ്ധതിയിൻ കീഴിൽ 78.32 കോടി രൂപയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

ഡി) കേരളത്തിലെ കർഷകർക്ക് നബാർഡിന്റെ ധനസഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എന്ത് തുകയുടെ ധനസഹായം നബാർഡ് നൽകി; വിശദാംശം നൽകുമോ?

(ഡി) സംസ്ഥാനത്തെ ഹ്രസ്വകാല കാർഷിക വായ്പ മേഖലയിലെ (അപ്പക്സ്) ബാങ്കായ കേരള സംസ്ഥാന സഹകരണ ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ 11(1) വകുപ്പ് പാലിക്കാത്തതിനാൽ 2009-10 വർഷം മുതൽ സംസ്ഥാനത്ത് പ്രാഥമിക സംഘങ്ങൾ വഴി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല കാർഷിക വായ്പ വിതരണം ചെയ്യുന്നതിനുള്ള പുനർവായ്പ നബാർഡിൽ നിന്നും ലഭ്യമായിരുന്നില്ല. ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ 11(1) വകുപ്പ് പാലിക്കാത്ത സംസ്ഥാന സഹകരണ ബാങ്ക് പുനർ വായ്പ ലഭിക്കുന്നതിനായി ഗവ. ഗ്യാരന്റി നൽകുകയോ കേന്ദ്ര ഗവൺമെന്റ് സെക്യൂരിറ്റി പണയപ്പെടുത്തുകയോ ചെയ്യേണ്ടതു മാണ്. 2008-2009 വർഷം 503.86 കോടി രൂപ നബാർഡ് അനുവദിച്ചിരുന്നുവെങ്കിലും ഗവൺമെന്റ് ഗ്യാരന്റി ലഭ്യമാകാത്തതിനാൽ സംസ്ഥാന സഹകരണ ബാങ്കിന്റെ

കൈവശമു ണ്ടായിരുന്ന 140.77 കോടി രൂപയുടെ ഗവൺമെന്റ് സെക്യൂരിറ്റി പണയപ്പെടുത്തി 113 കോടി രൂപയുടെ പുനർവായ്പ നബാർഡിൽ നിന്നും ലഭ്യമാക്കിയിരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്കിനെ ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ 11(1) വകുപ്പിന് വിധേയമാക്കു ന്നതിനും സംസ്ഥാനത്ത് കുറഞ്ഞ പലിശ നിരക്കിൽ വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് പുനർ വായ്പ ലഭ്യമാക്കുന്നതിനുമായി 2010-11 സാമ്പത്തിക വർഷം 150 കോടി രൂപയും 2011-12 സാമ്പത്തിക വർഷം 136 കോടി രൂപയും സംസ്ഥാന സർക്കാർ, സംസ്ഥാന സഹകരണ ബാങ്കിന് ഓഹരി ഇനത്തിൽ ധനസഹായം അനുവദിച്ചിട്ടുമുണ്ട്. കൂടാതെ 24.11.2011-ലെ ജി.ഒ.(എം.എസ്) നം.164/11/സഹ നമ്പർ ഉത്തരവ് പ്രകാരം 500 കോടി രൂപയുടെ ഗവൺമെന്റ് ഗ്യാരന്റി നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് 2011-12 വർഷം രണ്ടു ഘട്ടങ്ങളിലായി ആകെ 825 കോടി രൂപ പുനർവായ്പയായി നൽകിയിട്ടുണ്ട്. ഇതിൽ സംസ്ഥാന സഹകരണ ബാങ്കിന്റെ വിഹിതം കൂടി ചേർത്ത് 900.74 കോടി രൂപ ഹ്രസ്വകാല കാർഷിക വായ്പ വിതരണം ചെയ്യുന്നതിനായി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ